بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 10/07/2015

**(23 RAMADAN 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## RAMADAN MUBARAK ! / റമദാൻ മുബാറക്ക്

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം ഖുർ ആനും ലൈലത്തുൽ ഖദ്റും എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി.

## THE QURAN & THE NIGHT OF DECREE / ഖുർ ആനും നിർണ്ണിതരാവും.

**"സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർ ആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. അതു കൊണ്ട്, നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ" (2:186)**

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന് അല്ലാഹു (ത) യുടെ സമ്പൂർണ്ണ വചനമായി അവതരിച്ച, ജീവിക്കുന്ന ദിവ്യാത്ഭുതമാണ് വിശുദ്ധ ഖുർ ആൻ. നാം എവിടെ നിന്നു വന്നു എന്നും എവിടേക്ക് പോകുന്നുവെന്നും, അനന്തമായ സൗഭാഗ്യപാതയിലൂടെ സഞ്ചരിച്ച്, ഒടുവിൽ സ്വർഗ്ഗത്തിലേക്ക് എത്തുന്ന പാതയും, അതോടൊപ്പം തന്നെ നരകത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയും, നരകത്തിലേക്ക് പോകുന്ന പാതകൾ ചൂണ്ടിക്കാട്ടിയും, ആ വിശുദ്ധ ഗ്രന്ഥം, വിശദമായി വഴികാട്ടിത്തരുന്നു. അക്ഷരജ്ഞാനത്തിന്റെ പാത തുറന്ന്, ഉത്ബോധനത്തിന്റെ വീഥിയിലൂടെ, ശാരീരിക, മാനസിക, ആദ്ധ്യാത്മിക ചികിത്സാ വിധികൾ നിർദ്ദേശിച്ച് മുന്നേറുന്ന പ്രസ്തുത ഗ്രന്ഥം ലോകത്തിന്റേതാണ്! എന്നാൽ ദുഃഖകരമായ ഒരു യാഥാർത്ഥ്യം, നാം ആ ഗ്രന്ഥത്തെ സംരക്ഷിക്കുന്നുണ്ടെങ്കിലും, നമുക്ക് അതിന്റെ അർത്ഥവും കൽപനകളും നഷ്ടമായിരിക്കുന്നു; കാരണം ഗ്രഹണമാന്ദ്യം തന്നെ!

അല്ലാഹു (ത) യുടെ ഗ്രന്ഥത്തിലേക്ക് മടങ്ങാത്തടത്തോളം കാലം ഈ ഉമ്മത്തിന് ഒരു രക്ഷപ്പെടൽ ഉണ്ടാകില്ല. തീർച്ചയായും വിശുദ്ധ ഖുർ ആൻ മാനവകുലത്തിന്റെ വഴികാട്ടി തന്നെയാണ് ! എന്നാൽ ഇത് വായിക്കുന്ന എല്ലാവരെയും മാർഗ്ഗദർശനം ചെയ്യില്ല. സന്മാർഗ്ഗ ദർശനം ചില പ്രത്യേക വ്യക്തികൾക്കു വേണ്ടി ഒരുക്കി വച്ചിരിക്കുകയാണ്. അവർ മുത്തഖീങ്ങളാണ്. അതായത് അവർ ദൈവത്തെ ഭയപ്പെടുന്നവരാണ്, തിന്മയിൽ നിന്ന് സ്വയം സംരക്ഷിക്കപ്പെടുന്നവരുമാണ്. അവർ പരമമായ മാർഗ്ഗദർശനത്തിലൂടെ പ്രകാശമാനമായ പാതയിലൂടെ നിഷ്കളങ്കമായി യാത്ര ചെയ്യുവാൻ ആഗ്രഹിക്കുന്നവരാണ്. ലോകമെങ്ങുമുള്ള ജനതയെ ഖുർ ആന്റെ അർത്ഥം ഉത്തേജിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, അതിലെ ഓരോ വാക്കിനും ഒരു കാന്ത ശക്തി

യുണ്ട്; അത് ജനങ്ങളെ ചലനാത്മകമാക്കുന്നു. അറബി ഭാഷയിലെ ഒരു വാക്ക് പോലും അവർക്കറിയില്ലെങ്കിൽ പോലും! മാനവകുലോത്തമനായ നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) യുടെ മാതൃഭാഷയിലാണ് ഖുർ ആൻ അവതീർണ്ണമായത്. കഴിഞ്ഞ 14 നൂറ്റാണ്ടുകളായി ഭാഷകളുടെ മാതാവായി നിലകൊളളുന്നു പ്രസ്തുത ഭാഷ.! ഇത്തരം ഒരു നേട്ടം മറ്റൊരു ഭാഷയ്ക്കും അവകാശപ്പെടാവതല്ല. നദികൾ ഗതിമാറി ഒഴുകാം, ഭരണകൂടങ്ങൾ ഉയരാം താഴാം, ഭാഷകൾ ജനതയോടൊപ്പം അപ്രത്യക്ഷമാകാം, പുതിയത് രൂപാന്തരപ്പെടാം. എന്നാൽ ഖുർആനു മാത്രം മാറ്റങ്ങൾ ഒന്നുമില്ല. ഖുർആനിൽ തന്നെ നൽകിയിട്ടുളള ദൈവീക വാഗ്ദാനമാണ് ഈ പരിപാലനത്തിന്റെ രഹസ്യം. ഈ അത്ഭുത പരിപാലനം അല്ലാഹു (ത) സാധ്യമാക്കിയിരിക്കുന്നത്, ഖുർ ആനോട് മുസ്ലീം തലമുറകൾ പ്രദർശിപ്പിച്ച, സംരക്ഷണവും, ഭക്തിയും സ്നേഹവും കൊണ്ടാണ്. എന്നാൽ ഏറ്റവും പ്രധാനമായിട്ടുളളത്, അല്ലാഹു (ത) ഈ സംരക്ഷണം പൂർത്തീകരിക്കുന്നത്, കാലംതോറും അവൻ തെരഞ്ഞെടുക്കുന്നവരിലൂടെയും, ദൂതന്മാരിലൂടെയും, ഇസ്ലാമിക പരിഷ്കർത്താക്കളിലൂടെയുമാകുന്നു. അവർ അതിന്റെ വിശുദ്ധി ഉയർത്തി പിടിക്കുകയും മറ്റുളളവർക്ക് അത് വ്യക്തമാക്കി കൊടുക്കുകയും ചെയ്യുന്നു. എപ്പോഴെല്ലാം മുസ്ലീങ്ങൾ ഇതിനെ തെറ്റായി വ്യാഖ്യാനിക്കുന്നുവോ അപ്പോഴെല്ലാം അല്ലാഹു (ത) അവൻ തെരഞ്ഞെടുക്കുന്നവരെ, അവന്റെ കൽപ്പനകൾ ശരിയായ നിലയിൽ വിശദീകരിക്കുവാൻ, നിയോഗിക്കുകയും, അങ്ങനെ വരുമ്പോൾ ജനങ്ങൾ ഇതിന്റെ യഥാർത്ഥ അർത്ഥത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കുവാനും വേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്. അല്ലാഹുവിന്റെ ദൂതന്മാരുടെ അതായത് ഇസ്ലാമിന്റെ പരിഷ്കർത്താക്കളുടെ പ്രയത്നം ഇല്ലെങ്കിൽ, ഉണ്ടായിട്ട്പോലും, വളരെയധികം ആളുകളും, ഈ ദൈവീക മനുഷ്യരുടെ വിശദീകരണങ്ങൾ മറക്കുകയും, എന്നിട്ട് അവരുടെ മനോരാജ്യത്തിനനുസരിച്ച്, ഖുർ ആൻ വായിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു.

നമ്മുടെ പ്രിയങ്കരനായ പ്രവാചകനും യജമാനരുമായ ഹസ്രത് മുഹമ്മദ് (സ) ലൂടെ വിശുദ്ധ ഖുർ ആൻ അവതരിച്ച് നമുക്ക് ലഭിച്ച മാസമാണ് റമദാൻ മാസം. ഈ മാസവും അതിലെ പ്രത്യേക ദിനവും അതിലെ നിർണ്ണിത രാത്രിയും മുസ്ലീം ഉമ്മത്തിന്, നിസ്സംശയം ഏറ്റവും പ്രധാനപ്പെട്ടതു തന്നെയാണ്! ആ ദിവസം രാത്രിയിൽ, മാലാഖമാരും പരിശുദ്ധാത്മാവും, വെളിപാടുകൾ നൽകുന്ന മാലാഖമാരുടെ നായകനായ ഹസ്രത് ജിബ്രീൽ (അ) അല്ലാഹു (ത) തെരഞ്ഞെടുത്ത തന്റെ പ്രവാചകന്റെ അടുത്ത് വരികയും ദൈവീക സന്ദേശങ്ങൾ കൈമാറുകയുമുണ്ടായി. സമ്പൂർണ്ണ മതവും, അന്തിമ ജീവിത നിയമങ്ങളും മാനവകുലത്തിന് നൽകുവാനുളള സമയമായിരിക്കുന്നുവെന്ന് വെളിപാടുകളിലൂടെ അറിയിക്കുകയും ചെയ്തു. ആയതിനാൽ മുഴുവൻ മനുഷ്യകുലത്തിനും അല്ലാഹുവിന്റെ അനുഗ്രഹമായി ഖുർ ആൻ പ്രതിനിധാനം ചെയ്യുന്നു. മനുഷ്യനെ കഴിവുറ്റവനാക്കുന്ന തരത്തിലാണ് അതിന്റെ അവതരണം, പ്രത്യേകിച്ച്, ബുദ്ധിമാന്മാരായ ആളുകളെ, ആഴത്തിലുളള വായനയിലൂടെയും അപഗ്രഥനത്തിലൂടെയും അവന് അതിന്റെ വിശദാംശങ്ങൾ ലഭ്യമാകുകയും അവരുടെ ദൈനംദിന ജീവിതത്തിൽ ദൈവ കൽപ്പനകൾ പ്രാവർത്തികമാക്കിതീർക്കുവാനും കഴിയുന്നതാണ്.

വിശുദ്ധ ഖുർആൻ ഒരു സാധാരണ പുസ്തകമല്ല. നോവലുകളോ ശാസ്ത്ര പുസ്തകങ്ങളോ, എടുത്ത് ഒന്നു വായിച്ച് മനസ്സിലാക്കാവുന്നതു പോലെ, നേരിയ വായനയിലൂടെ ഇത് ശരിക്കും മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ഖുർ ആന്റെ അസ്ഥിത്വം നേരിട്ട് അല്ലാഹുമായി ബന്ധിച്ചിരിക്കുകയാണ്, ഇവകൾ അല്ലാ

ഹുവിന്റെ സമ്പൂർണ്ണവാക്കുകൾ, ജീവന്റെ യഥാർത്ഥ ഉറവിടം, ദാഹിക്കുന്ന ഓരോ ഹൃദയത്തിലും അവന്റെ അതായത് അല്ലാഹുവിന്റെ ആധിപത്യം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഖുർ ആനിലൂടെ അല്ലാഹു (ത) മനുഷ്യ സൃഷ്ടിപ്പിനെപ്പറ്റി വളരെ പുകഴ്ത്തി പറഞ്ഞിരിക്കുന്നു. മനുഷ്യൻ മാലാഖമാരേക്കാളും ഉന്നതിയിലാണ്. കാരണം മാലാഖമാർക്ക് പൈശാചിക ശക്തികളെ കീഴ്പ്പെടുത്തുവാനുള്ള കഴിവ് നൽകിയിട്ടില്ല. ഒരിക്കൽ അവൻ അപകടത്തിൽപ്പെട്ടാൽ, ഒരു പുതുദിനത്തിൽ, ഒരു പുതു പ്രഭാതം വിശ്വാസിയെ കാത്തിരിക്കുന്നു, രാത്രിയുടെ അന്ധകാരങ്ങളിൽ നിന്ന് അല്ലാഹുവിന്റെ മാർഗ്ഗദർശനമാകുന്ന സൂര്യൻ, അവനിലുള്ള എല്ലാ അന്ധകാരങ്ങളെയും നീക്കം ചെയ്യുവാൻ പ്രാപ്തമാണ്. അത്തരം ഒരു ബുദ്ധിമാൻ / ബുദ്ധമതി യഥാർത്ഥത്തിൽ ഭാഗ്യവാനാണ് / ഭാഗ്യവതിയാണ്. കാരണം അവൻ / അവൾ അല്ലാഹുവിന്റെ ഇച്ഛയിൽ ആഴ്ന്നിറങ്ങുന്നു.

അങ്ങനെ റമദാൻ മാസം അല്ലാഹുവുമായി കൂടുതൽ സാമീപ്യത്തിലെത്തുവാൻ ഒരു വിശ്വാസിയെ പ്രാപ്തനാക്കുന്നു; അതിലൂടെ അവന്റെ തൃപ്തി അവൻ വിളവെടുക്കുന്നു. ഒരു പൂന്തോട്ടക്കാരൻ അഥവാ ഒരു കർഷകൻ നല്ല കൊയ്ത്തിനുശേഷം അവന്റെ ഹൃദയം സന്തോഷത്താൽ നിറഞ്ഞു കവിയുന്നതുപോലെ! അല്ല, അതിലുപരിയായി വിശ്വാസി സന്തോഷഭരിതനായിതീരുന്നു.

നമ്മുടെ ജീവൻ നിലനിൽക്കുന്നിടത്തോളംകാലം നാം വിശുദ്ധ ഖുർആന്റെ കൽപ്പനകളെ ആദരിക്കേണ്ടതാണ്. അല്ലാഹുവിലേക്ക് എത്തിച്ചേരുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുമുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും അതിലുണ്ട്. എന്നാൽ ഒരു സർവ്വകലാശാല വിദ്യാർത്ഥിയെ പോലെ, അവന്റെ പുസ്തകത്തിലുള്ള സമ്പൂർണ്ണ പൊരുൾ മനസ്സിലാക്കുവാൻ, ഒരു അദ്ധ്യാപകൻ വഴികാട്ടിയായി ആവശ്യമുള്ളതുപോലെ, മനുഷ്യർക്ക് അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗദർശനത്തിനായി, കാലാ കാലങ്ങളിൽ ആളുകൾ അല്ലാഹുവിൽ നിന്ന് വന്നുകൊണ്ടിരിക്കേണ്ടതാണ്; എന്നിട്ട് അവർ ആത്മീയ വിദ്യാലയത്തിൽ ലക്ചറർമാരായി സേവനം ചെയ്യേണ്ടതുണ്ട്. അല്ലാഹുവിന്റെ കല്പനകൾ ശരിയായ നിലയിൽ പ്രയോഗവൽക്കരിച്ചു അല്ലാഹുമായി എങ്ങനെ ബന്ധപ്പെടാമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും അവരുടെ മതത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും പഠിപ്പിക്കേണ്ടതുമുണ്ട്. തീർച്ചയായും അല്ലാഹു നമ്മോട് വളരെ സൗമ്യമായി പെരുമാറുന്നവനാണ്. അതുപോലെ നാം ദുർബലരാണെന്നും അവനറിയാം. സാത്താന്റെയും അവന്റെ സൈന്യത്തിന്റെയും പിടിയിൽ നാം അമർന്നു പോകുമെന്നും അവനറിയാം. എന്നാൽ അല്ലാഹു (ത) നമുക്ക് കാലാകാലങ്ങളിൽ അനുഗ്രഹീത നൂറ്റാണ്ടുകളെ തന്നുകൊണ്ടിരിക്കുന്നു. അത് ലൈലത്തുൽ ഖദ്റിന്റെ ഒരനുബന്ധമാണ്. അതിൽ വിശ്വാസികളുടെ അഥവാ സത്യാന്വേഷികളുടെ ജീവിതം, അല്ലാഹുവിന്റെ ദൂതനുമായി ബന്ധപ്പെട്ടിരിക്കുകയും, ആ ദൈവീക പ്രകാശത്തിൽ അവൻ സ്വയം പ്രകാശം കൊള്ളുകയും ചെയ്യുന്നു. ഈ അനുഗ്രഹീത കാലഘട്ടത്തിൽ റൂഹുൽ ഖുദ്സിന്റെ ആഗമനം പുണ്യമാണ്. അങ്ങനെ അവൻ അല്ലാഹുവുമായി ബന്ധിതനാകുകയും അപ്രകാരം സാധ്യമാകുന്നത് അല്ലാഹുവിന്റെ ദൂതനുമായുള്ള ചാർച്ചയിലൂടെയും അദ്ദേഹത്തിന്റെ പ്രാർത്ഥനകളിലൂടെയും മാർഗ്ഗദർശനത്തിലൂടെയുമാകുന്നു.

ഇന്ന്, അഥവാ ഈ നടന്നുകൊണ്ടിരിക്കുന്ന കാലം, ശക്തമായ ലൈലത്തുൽ ഖദ്റിന്റെ സാന്നിദ്ധ്യമുള്ള കാലമാകുന്നു. അന്ധകാരം എവിടെയും കൊടികുത്തി വാഴുന്നു. അധാർമ്മികതയിൽ മാനവൻ ആഴ്ന്നു കിടക്കുന്നു. ആയതിനാൽ അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കും എല്ലാ പ്രവാചകന്മാരുടെയും പരിഷ്ക്കർത്താ

ക്കളുടെയും അദ്ധ്യാപനങ്ങളിലേക്കും മാനവൻ മടങ്ങി പോകേണ്ടതുണ്ട്. ഈ അന്ധകാര തീവ്രതയിൽ അല്ലാഹു (ത) അവന്റെ സത്യപ്രകാശം വെളിപ്പെടുത്തിയിരിക്കുന്നു. അനുഗ്രഹിക്കപ്പെടാൻ ആഗ്രഹിക്കുന്ന വർക്കെല്ലാം ഈ തമസ്സിൽ നിന്ന് വെളിച്ചത്തിലേക്ക് കടന്നുവരുവാൻ അവസരമുണ്ട്. ദൈവീക ദൃഷ്ടാന്ത ത്തിന്റെ ഒരു നവോദയം പ്രത്യക്ഷമായിരിക്കുന്നു. ഈ പ്രകാശത്തിലും അനുഗ്രഹത്തിലും ജീവിക്കുവാൻ താൽപര്യപ്പെടുന്നവർ മുന്നോട്ടു വരിക; ദൈവത്തിനു വേണ്ടി ജീവിക്കുന്നതിന്റെ യഥാർത്ഥ പൊരുൾ മന സ്സിലാക്കുക. നിശ്ചയമായും അത്തരം ആളുകൾക്ക്, വളരെ ഭയാനകമായ പരീക്ഷണങ്ങൾ ഉണ്ടാകുന്നതാ ണ്, എന്നാൽ ഒടുവിൽ, ഈ പരീക്ഷണങ്ങൾ ഒരഗ്നി പോലെ അവരുടെ ആന്തരിക അന്ധകാരങ്ങളെ കരിച്ചു കളയുന്നതാണ്! അങ്ങനെ അവർ ശാരീരികമായും ധാർമ്മികമായും ആത്മീയമായും തങ്ങളിലൂടെതന്നെ ദൈവീക അനുഭൂതി ദൃശ്യമാകുന്നതും അനുഭവിച്ചറിയുന്നതുമാണ്. തങ്ങളുടെ കാലഘട്ടത്തിലെ ദൈവ പ്രതി നിധിയിൽ നിന്നും അവർക്ക് ഈ കാര്യങ്ങളൊക്കെ അനുഭവവേദ്യമാകുന്നതുമാണ്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളായ എന്റെ എല്ലാ പ്രിയ അനുചരന്മാരെയും അല്ലാഹു അനുഗ്രഹീക്കട്ടെ ! ദൈവീക സന്ദേശത്തിന്റെ മഹത്വം അവരറിയുന്നു; വിശുദ്ധ ഖുർആൻ അവരുടെ ജീവി തത്തിന്റെ ഒരു ഭാഗമാണ്; അങ്ങനെ അവർ തന്നെ സഞ്ചരിക്കുന്ന ഒരു ഖുർആൻ ആയി മാറട്ടെ ! മാനവകു ലോത്തമനും ഖാത്തമുന്നബിയ്യീനുമായ മുഹമ്മദ് (സ) യുടെ തിരുമാതൃകകൾ പിൻതുടരുക. ഖുർ ആന്റെ ആളുകൾ എന്ന നിലയിൽ അവർ ഒന്നായി തീരട്ടെ ! അങ്ങനെ നാം നമ്മുടെ ജീവിതത്തിലെ ഓരോ ദിനവും ലൈലത്തുൽ ഖദ്റിന്റെ അനുഗ്രങ്ങൾ അനുഭവിക്കുന്നവരായി തീരട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ.


<u>**Translated & Issued By**</u>

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************